**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5003** **20-07-2022 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ ജില്ലയിലെ ഇ.എസ്.ഐ. ആശുപത്രികളിലെ സ്റ്റാഫ് നേഴ്സ് ഗ്രേഡ് II തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ ഇ.എസ്.ഐ. ആശുപത്രികളിലെ സ്റ്റാഫ് നേഴ്സ് ഗ്രേഡ് II തസ്തികയിൽ അനുവദനീയമായ ജീവനക്കാരുടെ എണ്ണവും നിലവിൽ പ്രസ്തുത തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും വ്യക്തമാക്കുമോ; | (എ) | തൃശ്ശൂർ ജില്ലയിലെ ഇ.എസ്.ഐ. ആശുപത്രികളിലെ സ്റ്റാഫ് നേഴ്സ് തസ്തികയിലെ (ഗ്രേഡ് I & ഗ്രേഡ് II) അനുവദനീയമായ ജീവനക്കാരുടെ എണ്ണം 27 ആണ്. അനുവദനീയമായ എല്ലാ തസ്തികകളിലും നിലവിൽ ജീവനക്കാരുണ്ട്. |
| (ബി) | പ്രസ്തുത ആശുപത്രികളിൽ കൂടുതൽ സ്റ്റാഫ് നേഴ്സ് ഗ്രേഡ് II തസ്തിക സൃഷ്ടിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ടോയെന്നും പ്രസ്തുത ശിപാർശയിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ? | (ബി) | ഒളരിക്കര ഇ.എസ്.ഐ ആശുപത്രിയിലെ ഐ.സി യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനും മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ അധിക സ്റ്റാഫ് നഴ്സ് ഗ്രേഡ്-II തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ